**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5877 | 09 /07/2012 - ൽ മറുപടിക്ക്

**എഫ്.സി.ഐ. ഗോഡൗണിലെ ഭക്ഷ്യ ധാന്യ ശേഖരം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | **ശ്രീ. അനൂപ് ജേക്കബ്.** (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളിൽ ശേഖരിച്ച ഭക്ഷ്യധാന്യങ്ങൾ പുഴുവരിച്ചും വെള്ളം ചോർന്ന് ചീഞ്ഞും, മറ്റു വിവിധ കാരണങ്ങളാലും നശിച്ചു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എഫ്.സി.ഐ. ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ വളരെ സുരക്ഷിതമായ രീതിയിലാണ് സൂക്ഷിക്കപ്പെടുന്നത് ആയതിനാൽ ഭക്ഷ്യധാന്യങ്ങൾ കേടാകുന്നത് സംബന്ധിച്ച വാർത്തകൾ അടിസ്ഥാനരഹിതമാണെന്ന് എഫ്.സി.ഐ. ജനറൽമാനേജർ അറിയിച്ചിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ റെയിൽ വാഗണുകളിൽ നിന്നും ലഭിക്കുന്ന മഴ നനഞ്ഞ ചാക്കുകൾ തുറന്ന് പരിശോധിച്ച് എയിറേറ്റ് ചെയ്ത് കേടുപാടുകൾ നീക്കിയാണ് സൂക്ഷിക്കുന്നത്. |
| ബി) ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് എത്ര അളവിൽ ഏതെല്ലാം ഭക്ഷ്യധാന്യങ്ങൾ നശിച്ചു പോയിട്ടുണ്ടെന്ന് അറിയാമോ; | (ബി) | കഴിഞ്ഞ 5 വർഷക്കാലയളവിൽ ഭക്ഷ്യധാന്യങ്ങളൊന്നും തന്നെ നശിച്ചു പോയിട്ടുള്ള സംഭവങ്ങൾ ഉണ്ടായിട്ടില്ല എന്ന് എഫ്.സി.ഐ. അറിയിച്ചിട്ടുണ്ട്. |
| സി) അരി വില ദിനം പ്രതി ക്രമാതീതമായി വർദ്ധിക്കുമ്പോൾ റേഷൻകടകൾ വഴി വിതരണം ചെയ്യേണ്ട അരിയും, മറ്റു ഭക്ഷ്യധാന്യങ്ങളും നശിച്ചു പോകാതെ സൂക്ഷിക്കാനും അവ സമയബന്ധിതമായി വിതരണം ചെയ്യാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ടാണ് എഫ്.സി.ഐ. ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നത് സ്റ്റോക്കുകളുടെ ഗുണനിലവാര പരിശോധന ഇടയ്ക്കിടയ്ക്ക് ഉദ്യോഗസ്ഥർ നടത്താറുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന സംയുക്ത പരിശോധനാ സംഘങ്ങൾ പരിശോധിച്ച് ഗുണ നിലവാരം ഉറപ്പു വരുത്തിയ ഭക്ഷ്യധാന്യങ്ങൾ മാത്രമേ പൊതു വിതരണത്തിനായി നൽകാറുള്ളുവെന്നും എഫ്.സി. ഐ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ